ശ്രീ. എം. എം. ഹസ്സന്റെ നിലപാട് ഈ പറയുന്ന നിലയിൽതന്നെയായിരിക്കും. നമുക്ക് ശ്രീ. ഹസ്സനെ മാറ്റി നിർത്തികൊണ്ട് അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ ഒന്നിച്ചാൽ ഈ ബിൽ പാസ്സാക്കാം. അതുകൊണ്ട് വോട്ടെടുപ്പ് നടക്കുന്ന സമയത്ത് നമുക്ക് എല്ലാവേർക്കും ചേർന്ന് ശ്രീ. ഹസ്സനെ ഒറ്റപ്പെടുത്തണം. അങ്ങനെയുള്ള ഒരു ദിവസത്തിന് ഞാൻ കാത്തിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

(ചർച്ച തുടരും)

4. 2002-ലെ കേരള വിവാഹധൂർത്തും ആർഭാടവും നിരോധന ബിൽ

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, 2002-ലെ കേരള വിവാഹധൂർത്തും ആർഭാടവും നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ എതിർക്കുകയാണ്. പക്ഷേ ബഹുമാനപ്പെട്ട ടീച്ചർ ഒരു വലിയ സാമൂഹ്യ പ്രശ്നമാണ് ഈ ബില്ലിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിരിക്കുന്നത്. വിവാഹ ധൂർത്തും ആർഭാടവും ഒരു സാമൂഹ്യ തിന്മയായി ഇന്ന് മാറിക്കഴിഞ്ഞിട്ടുണ്ട്. ആഭരണങ്ങൾക്കും വസ്ത്രങ്ങൾക്കും സമൃദ്ധമായ സദ്യകൾക്കും മറ്റും താങ്ങാവുന്നതിലധികം പണം ചെലവഴിച്ച് കടം വരുത്തിവച്ച് ധൂർത്ത് കാണിക്കുമ്പോൾ സമ്പന്ന വിഭാഗം യാതൊരു നിയന്ത്രണവുമില്ലാതെ ലക്ഷങ്ങൾ മുടക്കി വിവാഹമേളകൾ നടത്തുന്നത് നമ്മുടെ ഒരു സാമൂഹ്യ തിന്മയായി ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു. അതിനു ഒരു പരിഹാരം ഉണ്ടാകണമെന്നുള്ള വളരെ സദുദ്ദേശപരമായ ഒരു നിർദ്ദേശമാണ് ഈ ബില്ലിൽ ഉൾക്കൊള്ളുന്നത്. നിയമനിർമ്മാണംകൊണ്ട് വിവാഹധൂർത്തും ആർഭാടവും എത്രകണ്ട് നിരോധിക്കാനാകുമെന്നത് പ്രത്യേകം ചിന്തിക്കേണ്ടതാണ്. സംസ്ഥാനതലത്തിൽ ഒരു നിയമനിർമ്മാണം കൊണ്ട് രാജ്യമാകെയുള്ള ഈ സാമൂഹ്യതിന്മയെ നിയന്ത്രിക്കുവാനാവില്ല. സാമൂഹ്യമായ ഈ തിന്മയ്ക്ക് എതിരെയുള്ള ബോധവൽക്കരണമാണ് പ്രായോഗികമായി വേണ്ടത്. അതിനു സാമൂഹ്യ സംഘടനകളുടെയും അതുപോലെ മറ്റു ബഹുജന പ്രസ്ഥാനങ്ങളുടെയും പിന്തുണയാണ് ആവശ്യം. ഇത്തരത്തിൽ ഒരു നിയമത്തിന്റെ ഫലപ്രാപ്തിയെപ്പറ്റി ഒരു രാജ്യം ഒട്ടാകെയുള്ള ഒരു കാര്യത്തെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഒരു നിയമം ഉണ്ടാക്കിയാൽ അത് വിജയിക്കുമോയെന്നതിനെക്കുറിച്ച് സംശയമുണ്ട്. വിവാഹധൂർത്തും ആർഭാടവും നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പാർലമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ആ വസ്തുതകളൊക്കെ കണക്കിലെടുക്കുമ്പോൾ ബോധവൽക്കരണത്തിലൂടെ പ്രയോജനപ്പെടുന്ന ഒന്നായി ഈ ചർച്ച മാറട്ടെ എന്നാണ് എനിക്കും ആശംസിക്കാനുള്ളത്. ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് പ്രമേയത്തിനെ എതിർക്കുന്നത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിന് നൂറു ശതമാനവും അനുകൂലമായി സംസാരിച്ചതിൽ വളരെ സന്തോഷമുണ്ട്. ഇത് സാമൂഹ്യ തിന്മയാണെന്ന കാര്യവും അദ്ദേഹം അംഗീകരിക്കുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ, കഴിഞ്ഞകാല അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഇത്തരം സാമൂഹ്യ തിന്മകളെ

LIBRARY ARCHIVES Kerala Legislative Assembly

നിരോധിക്കുന്നതിന്, സതി പോലുള്ള ദുരാചരങ്ങൾ അവസാനിപ്പിക്കുന്നതിന്, സ്ത്രീധനം പോലുള്ള ദുരാചരങ്ങൾ അവസാനിപ്പിക്കുന്നതിന് നിയമംമൂലം നടപടി എടുക്കാൻ കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടുണ്ടെങ്കിലും ചിലപ്പോൾ പ്രായോഗിക തലത്തിൽ അത്രമാത്രം വിജയപ്രദമല്ലെങ്കിൽപ്പോലും ഇത്തരത്തിലുള്ള സാമൂഹ്യ തിന്മകളെ നിരോധിക്കുന്നതിന് നിയമംമൂലം കഴിയണം എന്നതാണ് കഴിഞ്ഞകാല ഭരണാധികാരികൾ ചിന്തിച്ചതെങ്കിൽ കേരളത്തിലെയാകെ 3 കോടി ജനങ്ങളെ സ്പർശിക്കുന്ന, പ്രത്യേകിച്ച് പാവപ്പെട്ടവരും ഇടത്തരക്കാരുമായിട്ടുള്ള ജനങ്ങൾക്ക് വളരെയേറെ ഗുണം ചെയ്യത്തക്ക വിധത്തിലുള്ള ഈ നിയമം, ആർഭാടവും ധൂർത്തും ഒഴിവാക്കുക എന്ന പ്രശ്നത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് എന്തുകൊണ്ട് ഉണ്ടാക്കിക്കൂടാ എന്നതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്ജ്: സർ, കാശുള്ളവൻ പത്തു പൈസ ചെലവാക്കി മക്കളെ കെട്ടിക്കുമ്പോഴെങ്കിലും അയൽപക്കക്കാർക്കും ബന്ധുക്കൾക്കും ഭക്ഷണം കൊടുക്കുന്നതിനെ എന്തിനാണ് എതിർക്കുന്നത്? ശ്രീ. ഹസ്സൻ മകളുടെ കല്യാണം നടത്തി. നന്നായി, പല സുഹൃത്തുക്കളേയും ബന്ധുക്കളേയും വിളിച്ചു. അന്നേരമാണ് ബിരിയാണി കൊടുക്കാൻ പറ്റുന്നത്. അതു സമ്മതിക്കാത്തത് എന്തു കഷ്ടമാണ്! കാശുള്ളവരല്ലേ അതു ചെയ്യുന്നത്? ഇല്ലാത്തവൻ ചെയ്യേണ്ട. ഉള്ളവൻ അങ്ങനെയെങ്കിലും അത് ചെലവഴിക്കട്ടെ. കഴിവുള്ളവൻ കഴിയുന്നത്ര പണം മുടക്കി അയൽപക്കക്കാർക്ക് ഭക്ഷണം കൊടുക്കട്ടെ.

ഇൻഫർമേഷനും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ടീച്ചർ ഈ ബില്ലിന് നോട്ടീസ് കൊടുത്തതിനുശേഷമായിരുന്നു എന്റെ മകളുടെ വിവാഹം. ഞാൻ വിളിച്ചുവരുത്തിയ ആളുകൾക്ക് ഒരു കപ്പ് ചായ മാത്രമേ കൊടുത്തിട്ടുള്ളൂ. ടീച്ചറുടെ ബില്ലിൽ നിന്നും ആവേശം ഉൾക്കൊണ്ടിട്ടാണ് അങ്ങനെ ചെയ്തത്.

ശ്രീ. പി. സി. ജോർജ്ജ്: സർ, ശ്രീ. ഹസ്സനെപ്പോലെയുള്ള ആളുകൾ ചായ കൊടുത്ത് മനുഷ്യരെ കളിപ്പിക്കുന്നത് മര്യാദകേടാണ്. എന്തു മര്യാദയാണിത്? ഭക്ഷണം കൊടുക്കണം അതാണ് മര്യാദ.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ബഹുമാനപ്പെട്ട പി. സി. ജോർജ് ചോദിച്ചു. ഭക്ഷണം കൊടുക്കുന്നതിൽ എന്തിനാണ് ഇങ്ങനെ പിശുക്കു കാണിക്കുന്നത് എന്ന്. വിവാഹധൂർത്തും ആർഭാടവുമായി ബന്ധപ്പെട്ടുകൊണ്ട് ഭക്ഷണം കൊടുക്കുന്നതിൽ അല്ല ധൂർത്ത് പ്രകടമാകുന്നത്. വിവാഹമെന്നു പറയുന്നത് ഏതൊരു വ്യക്തിയുടെയും ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട മുഹൂർത്തമാണ്. പ്രത്യേകിച്ച് കുട്ടികളുടെ വിവാഹം അച്ഛനമ്മമാരെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം സന്തോഷത്തിന്റെ മുഹൂർത്തങ്ങളാണ്. ആ സന്ദർഭത്തിൽ അയൽപക്കക്കാരേയും ബന്ധുക്കളേയും സുഹൃത്തുക്കളേയും വിളിച്ച് ഭക്ഷണം കൊടുക്കുന്നതിൽ ആർക്കും എതിർപ്പില്ല. അതൊരു വലിയ ധൂർത്തും ആർഭാടവുമായി ആരും കാണേണ്ട ആവശ്യമില്ല. അതുകൊണ്ട് ശ്രീ. പി. സി. ജോർജ്ജിന് ഭക്ഷണം കിട്ടുകയില്ലായെന്നുള്ള കാര്യത്തിൽ വേവലാതി വേണ്ട. അതു ഞാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ : സർ, ഇങ്ങനെയൊരു ബില്ലിന്റെ വക്താവായിട്ട് ബഹുമാനപ്പെട്ട ടീച്ചർ രംഗത്തു വന്നിരിക്കുകയാണ്. . അങ്ങ് ഒരു രാഷ്ട്രീയ നേതാവു മാത്രമല്ല, കേരളത്തിലെ മഹിളകളുടെ ഒരു നേതാവുകൂടിയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു സാമൂഹ്യ അനീതിക്കെതിരായിട്ട് ഒരു പ്രതിഷേധമെന്ന രൂപത്തിൽ ഇനി മുതൽ ആർഭാടവും ധൂർത്തുമുള്ള കല്യാണത്തിനു പോയാൽ അവിടെ പ്രതിഷേധം രേഖപ്പെടുത്തി ആ കല്യാണത്തിൽ പങ്കെടുക്കാതെ തിരിച്ചുവരുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ബഹുമാനപ്പെട്ട ടി. കെ. ബാലനിൽ നിന്ന് ഈ ചോദ്യം ഞാൻ പ്രതീക്ഷിച്ചില്ല. കാരണം ഒരു വിവാഹത്തിൽ പങ്കെടുത്ത് ആ വിവാഹത്തെ അലങ്കോലപ്പെടുത്തി ഒരു ക്രിമിനലിസത്തിലേക്ക് വരുക എന്നുള്ളതിനെ സംബന്ധിച്ച് നമുക്കാർക്കും ആലോചിക്കാൻ പറ്റില്ല. അത്തരം മുഹൂർത്തങ്ങളിൽ വളരെ നല്ല രീതിയിൽ അവർക്കുവേണ്ട സഹായം ചെയ്തു കൊടുക്കുകയാണ് വേണ്ടത്.

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട ടീച്ചറിനോട് ബഹുമാനപ്പെട്ട എം. എം. ഹസ്സന് വളരെയേറെ സ്നേഹവും ബഹുമാനവും മാത്രമല്ല, സംരക്ഷണ ബോധവും ഉള്ളതുകൊണ്ടാണ് ഈ ബില്ലിന്റെ അവതരണാനുമതി നിഷേധിച്ചത് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഈ ബിൽ അംഗീകരിക്കുകയും ഇതിന് മുൻകാലപ്രാബല്യം കൊടുക്കാൻ തീരുമാനിക്കുകയും ചെയ്താൽ ശ്രീ. നായനാരെപ്പോലെയുള്ള ആളുകൾ ചിലപ്പോൾ പാർട്ടിക്ക് പുറത്ത് പോകേണ്ടിവരും. അവരുടെ പേരിൽ ക്രിമിനൽ കുറ്റം ചുമത്തേണ്ടിവരും എന്നുള്ളതുകൊണ്ട് അങ്ങേയ്ക്ക് സംഘടനാപരമായ ക്ഷീണം തട്ടാതിരിക്കാനാണ് ശ്രീ. ഹസ്സൻ ഇതിന് അനുമതി നിഷേധിച്ചത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ശ്രീ. പി. ടി. തോമസ് ദുസ്സൂചന വച്ചുകൊണ്ടുള്ള ചില കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. ഇവിടെയാരും പാർട്ടിയിൽനിന്ന് പുറത്തു പോകേണ്ടിവരില്ല. അന്യായത്തേയും അനീതിയേയും ചോദ്യം ചെയ്യാൻ തയ്യാറായാൽ ഞങ്ങളുടെ പാർട്ടിയിൽ നിന്ന് ആരും പുറത്തു പോകേണ്ടിവരില്ല. പുറത്തു പോകേണ്ടി വരുന്നത് അങ്ങയുടെ പാർട്ടിയിൽ നിന്നുതന്നെയായിരിക്കും.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട ടീച്ചർ ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നത് ഉത്തര മലബാറിൽ ആഡംബരവും ധൂർത്തുമുള്ള വിവാഹം നടത്തി തുലഞ്ഞ കുടുംബങ്ങളെ കണ്ടുകൊണ്ടായിരിക്കും. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സംഘടനയിലെ അംഗങ്ങൾ ഇത്തരം ആർഭാടത്തിനെതിരായും ധൂർത്തിനെതിരായും ഉള്ള ഒരു പ്രതിഷേധമെന്ന നിലയ്ക്ക് ഇങ്ങനെയുള്ള കല്ല്യാണങ്ങളിൽ പോകാതിരിക്കുന്ന ഒരു സമീപനം എടുക്കുന്നുണ്ട്. അത്തരമൊരു സമീപനം എടുക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ടീച്ചറുടെ അഭിപ്രായം എന്താണ്? കല്ല്യാണം അലങ്കോലപ്പെടുത്തുന്നതിനെക്കുറിച്ചല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഇത് ഉത്തരമലബാറിലോ തിരുവിതാംകൂറിലോ മാത്രമല്ല. കേരളത്തിൽ അങ്ങോളമിങ്ങോളം ഏറ്റവും സമ്പന്നരായിട്ടുള്ള, കോടീശ്വരന്മാരായിട്ടുള്ള ആളുകളുടെ മക്കളുടെ വിവാഹവുമായി ബന്ധപ്പെട്ടു നടക്കുന്ന ആർഭാടവും ധൂർത്തും, ഒരു wrong message കേരളത്തിലെ പാവപ്പെട്ടവരുടെ ഇടയിലേക്ക് കൊണ്ടു വരുന്നു. കടം വാങ്ങിയായാലും വിവാഹം വളരെ ആർഭാടമായി നടത്തണമെന്നുള്ള ഒരു തോന്നലിലൂടെ വലിയ പ്രതിസന്ധി നേരിടുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു ബിൽ ഇവിടെ ഞാൻ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ടീച്ചർ ഇവിടെ ക്ലാരിഫൈ ചെയ്തത് നന്നായി. സദ്യ അല്ല ഇതിൽ ഉദ്ദേശിക്കുന്നത്. ടീച്ചർ ഭാവിയിൽ സദ്യ തരണമെന്ന് ഉദ്ദേശിക്കുന്നു എന്ന കാര്യം മനസ്സിലായി. ബഹുമാനപ്പെട്ട ടി. കെ. ബാവൻ വിവാഹത്തിനു പോകരുതെന്നു പറഞ്ഞത്, ഡയബെറ്റിസ് ഉള്ളതുകൊണ്ടാണ്. സദ്യ ഉണ്ണാൻ പാടില്ല. പ്രധാനപ്പെട്ട പ്രശ്നം, നമ്മുടെ മീഡിയാകളിലൂടെ വരുന്ന പരസ്യങ്ങൾ എടുത്തു നോക്കിയാൽ വിവാഹ വസ്ത്രങ്ങൾ, വിവാഹത്തിനുള്ള സ്വർണ്ണാഭരണം അണിയിപ്പിക്കുന്നത് ഇതെല്ലാം ഏതു പാവപ്പെട്ടവനെയും വഴിതെറ്റിക്കുന്ന രീതിയിലാണ്. ജ്വല്ലറികളുടെ പരസ്യങ്ങൾ, വിവാഹത്തിനെ അനുകരിച്ചുകൊണ്ടുള്ള പരസ്യമാണ്. ഇതാണ് സത്യത്തിൽ സമൂഹത്തെ വഴി തെറ്റിക്കുന്നതെന്നുള്ളതു മനസ്സിലാക്കി ബില്ലിനകത്ത് അതുകൂടി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എൻ. പ്രതാപൻ: സദുദ്ദേശമുള്ള ബില്ലാണ് ശ്രീമതി ശ്രീമതി ടീച്ചർ അവതരിപ്പിച്ചത്. കേരളാ ദേശീയവേദി ശ്രീ. ചെറിയാൻ ഫിലിപ്പിന്റെ നേതൃത്വത്തിൽ വളരെ വർഷങ്ങൾക്കുമുമ്പ് വിവാഹധൂർത്തിനെക്കുറിച്ച് വലിയൊരു സർവ്വേ സംസ്ഥാന വ്യാപകമായി നടത്തുകയും അത് സംബന്ധിച്ച് നമ്മൾ വലിയൊരു റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി. അന്ന് വലിയൊരു കാംപെയ്ൻ നമ്മൾ സംസ്ഥാന വ്യാപകമായി നടത്തി. ടീച്ചർ സി.പി.എം-ന്റെ സ്റ്റേറ്റ് കമ്മിറ്റി മെമ്പറോ എം.എൽ.എ.-യോ മാത്രമല്ല, മഹിളാ ഫെഡറേഷന്റെ സംസ്ഥാന നേതാവു കൂടിയാണ്. മഹിളാ ഫെഡറേഷന്റെ മുഴുവൻ അംഗങ്ങളും ടീച്ചറിന്റെ ഈ ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് വിവാഹധൂർത്തിനും ആർഭാടത്തിനുമെതിരേ ശക്തമായ നിലപാട് സ്വീകരിക്കുകയും വിവാഹം കഴിക്കാത്ത മഹിളാ ഫെഡറേഷനിലെ അംഗങ്ങളെക്കൊണ്ട് ആർഭാടമില്ലാതെ വിവാഹം കഴിക്കണമെന്ന് തീരുമാനമെടുപ്പിക്കുകയും അതു നടപ്പിലാക്കുകയും അങ്ങനെ ടീച്ചർ നേതൃത്വം കൊടുക്കുന്ന മഹിളാ ഫെഡറേഷൻ ഒരു മാതൃക സൃഷ്ടിച്ചുകൊണ്ട് ഈ ബില്ലിന്റെ ശുദ്ധി സംരക്ഷിക്കാൻ ശ്രമിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും ചോദിച്ച ചോദ്യത്തിന് ചുരുങ്ങിയ വാക്കുകളിൽ മറുപടി പറയാം. ആഭരണങ്ങളുമായി ബന്ധപ്പെട്ടു കൊണ്ട് ശ്രീ. വേണുഗോപാൽ പറഞ്ഞത് വളരെ ശരിയാണ്. ഒരു എക്സിബിഷനിസം വിവാഹത്തിന്റെ വേളയിൽ വരുകയാണ്. കൊച്ചിയിൽ വച്ച് വലിയൊരു ആഭരണമേള നടക്കാൻ പോകുകയാണ്. അതിന് ഗവൺമെന്റുതന്നെ മുൻകൈ എടുക്കുന്നു എന്ന് കേൾക്കുന്നു. ആഭരണ മുതലാളിമാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വലിയ തോതിലുള്ള ഒരു പരിശ്രമം നടന്നുകൊണ്ടിരിക്കുന്നു. അതു നിരുത്സാഹപ്പെടുത്തേണ്ടതാണ്. പ്രത്യേകിച്ച് നമ്മുടെ കേരളത്തിന്റെ പാരമ്പര്യ രീതിയനുസരിച്ച ആഭരണങ്ങൾ

തീരെ വേണ്ട എന്നത് ആരും അംഗീകരിക്കുമെന്നു തോന്നുന്നില്ല. പക്ഷേ 'അധികമായാൽ അമൃതും വിഷം' എന്നുള്ള രീതിയിൽ ആർക്കും അറപ്പും വെറുപ്പും തോന്നുന്ന വിധത്തിൽ കൊണ്ടുപോകുന്നതു ശരിയല്ല. സ്ത്രീധനവുമായി ബന്ധപ്പെട്ട ഒരു വിഷയമാണിത്. സ്ത്രീധനനിരോധന നിയമം ഇവിടെ നിലവിലുണ്ട്. സ്ത്രീധനം കൊടുക്കാതിരിക്കുക, വാങ്ങിക്കാതിരിക്കുക എന്നുള്ള സന്ദേശം തന്നെ ഇപ്പോൾ നമ്മുടെ സമൂഹത്തിൽ പൂർണ്ണമായി എത്തിച്ചേർന്നിട്ടില്ല. അതിവിടെയുണ്ട് എങ്കിലും ഈ രീതിയിൽ ആഭരണമിട്ട്, ഒരു വധുവിനെ ആയിരക്കണക്കിനാളുകളുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നത്, അവനവന്റെ സമ്പത്തു മുഴുവൻ വധുവിൽക്കൂടി മറ്റുള്ളവരെ കാണിക്കുക എന്ന ലക്ഷ്യം, നിരുൽസാഹപ്പെടുത്തേണ്ടതാണ്. ശ്രീ. ടി. എൻ. പ്രതാപൻ ചോദിച്ച ചോദ്യം വളരെ പ്രധാനപ്പെട്ടതുതന്നെയാണ്. പക്ഷേ നിയമംമൂലം നിരോധിക്കപ്പെട്ടിട്ടുപോലും സ്ത്രീധനമെന്നു പറയുന്നത് കഴിഞ്ഞ എത്രയോ വർഷക്കാലം 1984-നുശേഷം ഇങ്ങോട്ട് വളരെയധികം ബോധവൽക്കരണ പരിപാടികളിലൂടെ സ്ത്രീധനം വാങ്ങരുത്, കൊടുക്കരുത് എന്നു പറഞ്ഞിട്ടും അത് നടപ്പിലാകാത്ത ഒരു നാടാണ് നമ്മുടെ സംസ്ഥാനം. ചില മതങ്ങളിലെല്ലാം ചില പ്രത്യേകമായിട്ടുള്ള സവിശേഷതകളുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. അപ്പോൾ ഒരു ബിൽ അവതരിപ്പിക്കുമ്പോൾതന്നെ ഏതെങ്കിലുമൊരു സംഘടനയുടെ നേതാവാണ്, അല്ലെങ്കിൽ മഹിളാ അസോസിയേഷന്റെ നേതാവാണെന്നുള്ളതുകൊണ്ട് ലക്ഷക്കണക്കിനു വരുന്ന മെമ്പർമാരുടെ കുടുംബങ്ങളിലേക്ക്, ഇനി അവരിത് അംഗീകരിക്കും, ഈ ബില്ലിനനുസരിച്ച് അവർ തീരുമാനമെടുക്കുമെന്നു പറയാൻ നമുക്ക് പ്രായോഗികമായി വളരെയധികം ബുദ്ധിമുട്ടുണ്ടുതാനും. നേരെമറിച്ച് ആദ്യം നിയമമുണ്ടാകട്ടെ, ഈ നിയമസഭ ഐകകണ്ഠേന ഈ ആർഭാടവും ധൂർത്തും ഒഴിവാക്കാനും ഒരു പരിധി നിശ്ചയിച്ച് മുന്നോട്ടുപോകാനും കഴിയണമെന്നുള്ള ഒരു നിയമമുണ്ടാക്കി. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയുമോ? ആരാണ് അത് ലംഘിക്കുന്നത്? അങ്ങനെയാണ് പരിശോധിക്കേണ്ടത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, സ്ത്രീധനം കൊടുത്തും കൊടുക്കുന്ന സ്ത്രീധനത്തിനനുസരിച്ച് ആർഭാടമായി കല്യാണം നടത്തിയുമെല്ലാം കുത്തുപാളയെടുത്തുപോയ വളരെയധികം കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ടീച്ചർ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സാമൂഹ്യപ്രശ്നത്തിലേക്ക് വളരെ സജീവമായി ശ്രദ്ധ ക്ഷണിക്കുകയാണ്. എന്റെ ചോദ്യം ടീച്ചർക്കാകെ ഒരു മകനാണുള്ളത്. ടീച്ചറുടേത് ഒരു വലിയ കുടുംബമാണ്. ഈ ബില്ലിൽ പറയുന്ന എല്ലാ മാതൃകാപരമായ താൽപ്പര്യത്തോടെയും വളരെ വേഗം മകന്റെ കല്യാണം മാതൃകാപരമായി നടത്താൻകൂടി അങ്ങ് മുൻകൈ എടുക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് മകന് പ്രായമാകട്ടെ.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: മകന് പ്രായമായി, തീർച്ചയായിട്ടും ശ്രീ. കെ. വി. കുഞ്ഞിരാമൻ പറഞ്ഞതുപോലെ സ്ത്രീധനം വാങ്ങി കല്യാണം കഴിക്കില്ല. എന്റെ കുടുംബത്തിൽ ഒരു നയാ പൈസ ആർക്കും കൊടുക്കുകയോ വാങ്ങുകയോ ചെയ്യാതെയാണ് വിവാഹം കഴിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: സർ, ഭക്ഷണത്തിലെ ധൂർത്തുമാത്രമല്ല, ശ്രീ. കെ. സി. വേണുഗോപാൽ ഇവിടെ പറഞ്ഞതുപോലെ ആഭരണശാലകളുടെ മനംമയക്കുന്ന പരസ്യം ജനങ്ങളിൽ ആഭരണ ഭ്രമമുണ്ടാക്കുന്നതു മാത്രമല്ല പ്രശ്നം. ഏറ്റവും വലിയ പ്രശ്നമെന്നു പറയുന്നത് ഇപ്പോൾ വിവാഹ കത്തുകളുടെ കാര്യത്തിലുള്ള ധൂർത്താണ്. ഒരു ഇൻവിറ്റേഷന് 1000-വും 1500-ഉം രൂപ ചെലവാകുന്ന രീതിയിലുള്ള വിവാഹ കത്തുകളാണ് പ്രിന്റു ചെയ്യുന്നത്. കേരളത്തിലെ ഒരു വിവാഹത്തിന് വിവാഹ കത്തിനോടൊപ്പം സ്വർണ്ണ നാണയംകൂടി തയ്യാറാക്കി ഇൻവൈറ്റ് ചെയ്യുന്നവർക്കു കൊടുത്തു. കേരളത്തിൽ നടന്ന ഒരു വിവാഹത്തിന് വധൂവരൻമാർ വിവാഹ മണ്ഡപത്തിൽ നിന്നും പുറത്തേയ്ക്കിറങ്ങിയപ്പോൾ ആകാശത്തുനിന്നും പുഷ്പക വിമാനം പുഷ്പവൃഷ്ടി നടത്തി. ഇത് കൊച്ചിയിലുണ്ടായ ഒരു സംഭവമാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട എം. മുരളി ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഞാൻ എനിക്കുണ്ടായിട്ടുള്ള ഒരു അനുഭവം പറയാം. ആ അനുഭവമാണ് ഇത്തരമൊരു ബിൽ ഇവിടെ അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളത്. ബോംബെയിലെ കോടിക്കണക്കിന് രൂപയുടെ സ്വത്തുള്ള ഒരു വജ്രവ്യാപാരി, അദ്ദേഹത്തിന്റെ മകളുടെ കല്യാണത്തിന് ലോകത്തൊട്ടാകെയുള്ള വജ്രവ്യാപാരികളേയും വൻകിട ബഹുരാഷ്ട്ര കമ്പനികളുടെ മുതലാളിമാരേയുമെല്ലാം ക്ഷണിച്ചു. പ്രധാനമായിട്ടുള്ള വിമാനംതന്നെ ചാർട്ടർ ചെയ്തു. ബോംബെയിൽ അതിന് 25 കോടിയിലധികം രൂപവരുന്ന പന്തൽ, പ്രത്യേകിച്ച് മുല്ലപ്പൂവുകൊണ്ടുമാത്രം ഒരുക്കിയിട്ടുള്ള പന്തൽ ഒരുക്കി. പക്ഷേ ഈ വിവാഹ പ്രചരണം ബോംബെ നഗരത്തിലാകെ വന്നപ്പോൾ പതിനായിരക്കണക്കിനാളുകൾ ഈ വിവാഹം കാണാൻവേണ്ടി അവിടെയെത്തി. വിവാഹം നടക്കുന്നതിനിടയിൽ, തയ്യാറാക്കിയിരുന്ന കോടിക്കണക്കിന് രൂപയുടെ പന്തൽ തകർന്നുപോയി. ഒരു നിമിഷംകൊണ്ട് കോടിക്കണക്കിന് രൂപ അവിടെത്തന്നെ നശിക്കുകയാണ്. ഇതൊരു ദേശീയ നഷ്ടമാണ്. വിവാഹം വെറേ ആഡിറ്റോറിയത്തിൽ വച്ച് അവസാനം നടത്തേണ്ടിവന്നു. അതുമാത്രമല്ല ശ്രീ. എം. മുരളി പറഞ്ഞിട്ടുള്ള ഒരു കാര്യം, ഒരു ഇൻവിറ്റേഷൻ കാർഡിന് 1000, 1500 രൂപ എന്നു പറഞ്ഞല്ലോ, ഇപ്പോൾ ദൈവ വിശ്വാസികളായിട്ടുള്ള പലരും ഗണപതിയുടെ ചിത്രം, അതുപോലെ യേശുവിന്റെ ചിത്രം, അതല്ലെങ്കിൽ ഓരോ മതവിഭാഗത്തിന്റേയും വിശ്വാസവുമായി ബന്ധപ്പെട്ടുള്ള ചെറിയ പ്രതിമ ഒരു ഇൻവിറ്റേഷൻ കാർഡിൽ വയ്ക്കും. ആ ഇൻവിറ്റേഷൻ കാർഡിന് 250 രൂപ മുതൽ 1000, 1500 രൂപ വരെ വില വരും. 10,000 കാർഡിന് 100 രൂപ വച്ച് കൂട്ടിയാൽത്തന്നെ എത്രയായി? കാർഡിന് 10 ലക്ഷം രൂപ വരെയായി. ഈ കാർഡ് അവസാനം എവിടെയാണിടുന്നത്? കല്യാണം കഴിയുന്ന മുറയ്ക്ക് വേസ്റ്റ് ബാസ്ക്കറ്റിൽ കൊണ്ടുപോയിടുകയാണ്. ഞാൻ ഇതുംകൂടി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇതു കൊണ്ടുവന്നത്. ഇൻവിറ്റേഷൻ കാർഡിന് 15 ലക്ഷം, 20 ലക്ഷം രൂപ വരെ ചെലവഴിക്കുകയാണ്. ആ ഇൻവിറ്റേഷൻ കാർഡ് കേവലം 5000 രൂപ കൊണ്ട് ചെയ്യിക്കാവുന്നതാണ്. അത് വായിക്കുകയേ വേണ്ടൂ, കാര്യങ്ങൾ നമുക്ക് മനസ്സിലാകുകയേ വേണ്ടൂ. പക്ഷേ ആ ഒരു കാർഡിനാണ് ഗണപതിയുടെയും മറ്റും വിഗ്രഹം ഇതിൽ വച്ച് അവസാനം അത്

ചാവറുകുട്ടയിൽത്തന്നെയിടുകയാണ്. ഞാൻ ഈ വിഷയത്തിൽ വിശ്വാസികളെ സംബന്ധിച്ച് അതൊരു പ്രശ്നമാണെന്നുപോലും ചിന്തിക്കുന്നില്ല, അവർ അതൊന്നും കാണുന്നില്ല, പൈസ ചെലവഴിക്കണം, ആർഭാടം കാണിക്കണം, ധൂർത്ത് നടത്തണം, എന്നിട്ട് സമൂഹത്തിൽ മറ്റുള്ളവരുടെ മുമ്പിൽ വലിയ മേനിനടിച്ച് ഞങ്ങളാണ് ഇവിടെ ഏറ്റവും വലിയ സമ്പന്നരെന്ന് പ്രകടിപ്പിക്കണം. അതിനുവേണ്ടിയുള്ള ഒരു മാർഗ്ഗമായി കല്യാണത്തെ കാണരുത്. വിവാഹം പരിപാവനമാണെന്ന് എല്ലാവരും പറയും. പക്ഷേ പരിപാവന മായിട്ടുള്ള ഈ മുഹൂർത്തം ഒരു തരം വ്യാവസായിക മുന്നേറ്റത്തിനുവേണ്ടിക്കൂടി ഉപയോഗിക്കുന്നുണ്ട് എന്ന് അടുത്തകാലത്ത് വന്നിട്ടുള്ള ചില കാര്യങ്ങൾ തെളിയിക്കുന്നുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ ഇവിടെ ബിൽ കൊണ്ടു വന്നിരിക്കുന്നത് വിവാഹത്തിലെ ആർഭാടവും ധൂർത്തും കുറയ്ക്കാൻവേണ്ടിയാണ്..... (ബഹളം).....നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും വേണ്ടിയാണ് ഞാൻ ഇതു ചോദിക്കുന്നത്, ആർഭാടവും ധൂർത്തും നടത്തുന്ന കല്യാണങ്ങൾക്ക്, ഒരു നിശ്ചിത അളവിൽക്കൂടുതൽ നടത്തുന്ന ആർഭാടത്തിന് ഒരു നികുതി ഏർപ്പെടുത്തുകയാണെങ്കിൽ ഒരു വമ്പിച്ച നികുതി നമ്മുടെ ഖജനാവിലേയ്ക്കു വരും. അത്തരം സംഖ്യ ഉപയോഗിച്ച് നമ്മുടെ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ദുർബല വിഭാഗത്തിന്റെ വിവാഹത്തിനുവേണ്ടി ആ തുക ചാനലൈസ് ചെയ്യാനും കഴിയും. അങ്ങനെ ആർഭാടം നടത്തുന്ന വിവാഹത്തിന് നികുതി ഏർപ്പെടുത്തുന്നതുകൂടി ബഹുമാനപ്പെട്ട ടീച്ചർ ഈ ബില്ലിലുൾപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ സ്വന്തം കാര്യം മറന്നുപോകുന്ന ഒരാളാണ്. എപ്പോഴും സമൂഹത്തെ സംബന്ധിച്ച് ചിന്തിക്കുന്ന ഒരാളെന്നുള്ള നിലയിൽ അദ്ദേഹം പറഞ്ഞിട്ടുള്ളത് വളരെ നല്ലൊരു അഭിപ്രായമാണ്.

ശ്രീ. പി. സി. ജോർജ്ജ്: സർ, യഥാർത്ഥത്തിൽ ഈ നികുതി വരുമെന്ന് പേടിച്ചിട്ടാണ് ശ്രീ. കെ. രാധാകൃഷ്ണൻ കല്യാണം കഴിക്കാതിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ കാർഡ് അടിക്കുന്നതുവഴി എത്ര ലക്ഷം രൂപ പോകുന്നു എന്നു പറഞ്ഞു. ഞാൻ പറയുന്നത്, ഈ കള്ളപ്പണക്കാരുടെ പണം അങ്ങനെയെങ്കിലും കുറച്ച് സമൂഹത്തിൽ വരട്ടെ എന്നാണ് കാർഡ് അടിക്കുമ്പോൾ ആ പേപ്പർ കമ്പനിക്കാർക്ക് കാശുകിട്ടും, പ്രസ്സിലെ ജോലിക്കാർക്ക് ശമ്പളം കിട്ടും. അങ്ങനെ ഈ കള്ളപ്പണക്കാരുടെ പണം പല മേഖലയിലൂടെ ജനങ്ങളിലേയ്ക്ക് വരുന്ന ഒരു സാഹചര്യമുള്ളതുകൊണ്ട് ഇവരൊക്കെ ഇതിലും കൂടിയ കാർഡ് അടിക്കട്ടെ എന്നാണ് എന്റെ അഭിപ്രായം. അതിനെപ്പറ്റി ടീച്ചറുടെ അഭിപ്രായമെന്താണ്?

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ ബഹുമാന്യനായ കെ. രാധാകൃഷ്ണൻ ഇതിൽ ഒരു നികുതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പറഞ്ഞു. അത് സാമൂഹ്യ പ്രസക്തമായ ഒരു നല്ല നിർദ്ദേശമാണ്. പക്ഷേ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ആദ്യമേ തന്നെ ടീച്ചറിന് താലോലമെല്ലാം നൽകിയിട്ട് അവസാനം ഇത്തരം ഒരു ബിൽ കൊണ്ടു വരുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞു. അപ്പോൾ ബിൽ വരില്ലെന്നുറപ്പായി. ശ്രീ. കെ. രാധാകൃഷ്ണൻ ഉദ്ദേശിച്ചിട്ടുള്ളത് ആ നികുതി

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയതിനുശേഷം ആ നികുതി പിരിച്ചുകൂട്ടി, അതിൽ നിന്നും പാവപ്പെട്ടവർക്ക് കല്യാണം കഴിക്കാൻ വേണ്ടി കൊടുക്കാമെന്നാണ്. അങ്ങനെ കിട്ടിയിട്ട് അതുകൊണ്ട് കല്യാണം കഴിക്കാൻ വേണ്ടി ആഗ്രഹിച്ചതുകൊണ്ടാണോ ശ്രീ. കെ. രാധാകൃഷ്ണൻ ഇത്രയും നാളായി കല്യാണം കഴിക്കാതിരിക്കുന്നത്? അതുകൊണ്ട് അത് നടപ്പില്ലെന്ന് ബോദ്ധ്യമായി. അപ്പോൾ ഇങ്ങനെ ടീച്ചറുടെ ബില്ലിൽ പറയുന്നതുപോലെയുള്ള ഒരു മാതൃകാ വിവാഹം വളരെ വൈകാതെ നടത്തുന്നതിനുവേണ്ടി, ഞങ്ങളൊക്കെ നാട്ടുകാരും പഴയ വിദ്യാർത്ഥി പ്രവർത്തകരായിരുന്ന ആളുകളുമാണ്, അപ്പോൾ നമുക്ക് പാർട്ടിക്ക് അതീതമായി ശ്രീ. കെ. രാധാകൃഷ്ണന്റെ കാര്യത്തിൽ ഒരു പൊതു ധാരണയുണ്ടാക്കി ഈ ബില്ലിൽ പറയുന്ന മോഡൽ മാര്യേജ് ശ്രീ. കെ. രാധാകൃഷ്ണനിലൂടെ ആരംഭിക്കാൻ വേണ്ടി ടീച്ചർ മുൻകൈ എടുത്താൽ ഞങ്ങളുംകൂടി നിൽക്കാം. അതിനെപ്പറ്റി ടീച്ചറുടെ അഭിപ്രായമെന്താണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: വിവാഹം അങ്ങനെ അടിച്ചേൽപ്പിക്കാൻ പറ്റില്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഞങ്ങൾ മുൻകൈ എടുത്തുകൊണ്ടിരിക്കുന്നു. പക്ഷേ ശ്രീ. കെ. രാധാകൃഷ്ണൻ ഒരു ത്യാഗിയായിട്ടുള്ള ആളാണ്. എപ്പോഴും സ്വന്തം കാര്യം മറന്നിരിക്കുന്നതിനു പകരം മറ്റുള്ളവരെക്കുറിച്ചും സമൂഹത്തെക്കുറിച്ചും മറന്നിച്ചുകൊണ്ടേയിരിക്കും. അതുകൊണ്ടാണ് അദ്ദേഹം ആ അഭിപ്രായം പറഞ്ഞത്. ഞങ്ങളൊക്കെ നിർബന്ധിച്ചുക്കൊണ്ടിരിക്കുകയാണ്, അപ്പുറത്തുനിന്നും സമ്മർദ്ദം വന്നു കഴിഞ്ഞാൽ, അങ്ങനെ സ്വന്തം താൽപ്പര്യമാണെങ്കിൽ മന്ത്രിയായിരിക്കുമ്പോൾത്തന്നെ അദ്ദേഹം കല്യാണം കഴിക്കേണ്ടതായിരുന്നു. അത് അല്ലെന്നുള്ളത് മനസ്സിലായി. ശ്രീ. പി. സി. ജോർജ്ജ് ഇപ്പോൾ പറഞ്ഞിട്ടുള്ള കാര്യം കുറെ തൊഴിലാളികൾക്ക് പ്രയോജനം കിട്ടുമെന്നാണ്. പക്ഷേ അതു സംബന്ധിച്ചു പറയുമ്പോൾ ഞാൻ പറഞ്ഞല്ലോ, ഈ wrong message upper middle class, middle class, lower income class ഇവർക്ക് കൊടുക്കുന്ന മെസ്സേജെന്താണ്? ഒരു കല്യാണത്തിനു പോയിക്കഴിഞ്ഞ് തിരിച്ചു വീട്ടിൽ വന്നുകഴിഞ്ഞാൽ 10 സെന്റോ 25 സെന്റോ ഭൂമി വിറ്റാലും എന്റെ മകളുടെ കല്യാണവും ഇതേപോലെ ഡാടിയിലും ആർഭാടത്തിലും നടത്തണം. അതിന് ഞാനും അത്ര മോശക്കാരനൊന്നുമല്ലെന്നുള്ള രീതിയിൽ സമൂഹത്തിന്റെ മുമ്പിൽ ഒരു തരം ജാട കാണിക്കാൻ വേണ്ടി തയ്യാറാകുന്നു. അതിന്റെ ഫലമെന്താണ്? വലിയ തോതിലുള്ള പ്രതിസന്ധി ഉണ്ടാകുന്നു. ശ്രീ. എം. മുരളി പറഞ്ഞതുപോലെ നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾ, ദുർബല ജനവിഭാഗത്തിൽപ്പെട്ടവർ, അവർക്കും അവരുടെ മകളുടെ അല്ലെങ്കിൽ മകന്റെ വിവാഹം പ്രധാനമല്ലേ? പക്ഷേ അതുപോലെ മുന്നോട്ടു പോകാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഈ national waste നിയന്ത്രിക്കാൻ ഒരു പരിധി നിശ്ചയിക്കണം, അതിനൊരു നിയന്ത്രണം വേണം എന്നത് പ്രസക്തമാകുന്നത്. എന്തും എങ്ങനെയും ചെയ്യാമെന്നുള്ള ഒരവസ്ഥ വിവാഹത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് അവരുടെ ധനസ്ഥിതി വെളിപ്പെടുത്താമെന്നുള്ള ധാരണ—അങ്ങനെ പോകുന്നത് ശരിയല്ല. അതുകൊണ്ട് ഈ ബിൽ .....

Mr. Deputy Speaker: Your time is over. Are you concluding today?

Smt. P. K. Sreemathi Teacher: No.....No.....

Mr. Deputy Speaker: You can continue next time.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അടുത്ത പ്രാവശ്യം ഞാൻ സംസാരിക്കാം.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly